# വിജ്ഞാപനം

## എ. പി. ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ Engineering/Architecture ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

എ. പി. ജെ. അബ്ദുൽകലാം സാങ്കേതിക സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള Government/ Aided/Govt cost sharing/Private self financing എഞ്ചിനീയറിംഗ് കോളേജുകളിലെ M.Tech, M.Arch, M.Plan കോഴ്സുകളിലേക്ക് 2023-24 വർഷത്തെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. M.CAP 2023 ന്റെ പ്രോസപ്പെക്ട്സിലെ clause 4 പ്രകാരം നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നുമാണ് അപേക്ഷ ക്ഷണിക്കുന്നത്. പ്രോസ്പ്പെക്ട്സ് ക്ലോസ് 6 പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരമുള്ള അലോട്ട്മെന്റിന്റെ വിവരങ്ങൾ താഴെകൊടുക്കുന്നു.

| Sl No | College Type | Course Type | Seats | Allotment done by |
|---|---|---|---|---|
| 1 | Govt College | All Courses | 100% | DTE |
| 2 | Govt.Aided | Govt Courses | 85% | DTE |
| | | Self financing Courses | 50% | DTE |
| | | | 50% | College |
| 3 | Govt cost sharing | Govt seats | 50% | DTE |
| | | Management Seats | 50% | College |
| 4 | Private Self financing | Management Seats | 50% | College(Prospectus Clause 2.3 (ii) |

നോട്ട് :- DTE അലോട്മെന്റുകൾക്ക് ശേഷം സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പക്ഷം കോളേജുകൾക്ക് പ്രോസപ്പെക്ട്സ് മാനദണ്ഡങ്ങൾ പാലിച്ച് പ്രത്യേകം അപേക്ഷകൾ ക്ഷണിക്കാനും സീറ്റുകൾ നികത്താനും അധികാരമുണ്ടായിരിക്കുന്നതാണ് ( prospectus Clause 7.9).

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ (admissions.dtekerala.gov.in) നല്കിയിട്ടുള്ള പ്രോസ്പ്പെക്ട്സിലെ വിവിധ വ്യവസ്ഥകൾ അപേക്ഷ സമർപ്പിക്കുന്നതിന് മുൻപ് അപേക്ഷകർ ശ്രദ്ധാപൂർവം വായിച്ച് മനസിലാക്കേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കേണ്ട വിധവും അവസാന തീയതിയും:-**

മേൽപറഞ്ഞ കോഴ്സുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർഥികൾക്ക് admissions.dtekerala.gov.in എന്ന വെബ് സൈറ്റ് മുഖേന 2023 ജൂലൈ 1 മുതൽ ജൂലൈ 7 വൈകുന്നേരം 5 മണിവരെ ഓൺലൈൻ

ആയി അപേക്ഷിക്കാവുന്നതാണ്. അപേക്ഷയിൽ വിദ്യാർഥികൾ അവരവരുടെ മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി തന്നെയാണ് നല്കിയതെന്ന് ഉറപ്പാക്കേണ്ടതാണ്. അപേക്ഷകരുടെ SSLC അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ്, ജനനതീയതി, നേറ്റിവിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, ഫോട്ടോ(6 മാസത്തിനകം എടുത്തത്), ഒപ്പ് എന്നിവ നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷയോടൊപ്പം ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. അപേക്ഷകൻ ഒരു ഓൺലൈൻ അപേക്ഷ മാത്രമേ ചെയ്യാൻ പാടുള്ളു. അപേക്ഷയും അനുബന്ധ രേഖകളും തപാൽ മാർഗം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയക്കേണ്ടതില്ല.

**നോട്ട്:-** MCAP 2023 സംബന്ധിച്ച വിവരങ്ങൾ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ അലോട്ട്മെൻറ് സംബന്ധിച്ച് വിദ്യാർഥികൾക്കുള്ള അറിയിപ്പുകൾ എന്നിവ തപാൽ മാർഗം നൽകുന്നതല്ല. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനങ്ങൾ, പത്രകുറിപ്പുകൾ എന്നിവ മുഖേനയോ വ്യക്തിഗത ഇമെയിൽ, മൊബൈൽ ഫോണുകൾ വഴിയുള്ള സന്ദേശങ്ങൾ വഴിയോ അപേക്ഷകർക്ക് പ്രസ്തുത വിവരങ്ങൾ നല്കുന്നതാണ്. ആയതിനാൽ ഓൺ-ലൈൻ അപേക്ഷയിൽ മൊബൈൽ നമ്പർ ഇ-മെയിൽ ഐ.ഡി എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുമ്പോൾ അപേക്ഷകർ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.

**പ്രവേശനത്തിന് വേണ്ട യോഗ്യതകൾ :-**

1) നേറ്റിവിറ്റി:- അപേക്ഷകൻ ഇന്ത്യൻ പൗരനായിരിക്കണം. പ്രവേശനത്തിന് അപേക്ഷിക്കുന്ന ഇന്ത്യൻ പൗരന്മാരെ കേരളീയൻ, കേരളീയേതരൻ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

a) കേരളീയൻ :- അപേക്ഷകനോ മാതാപിതാക്കളിൽ ആരെങ്കിലുമോ കേരളത്തിൽ ജനിച്ചവരാണെങ്കിൽ അപേക്ഷകനെ കേരളീയനായി കണക്കാക്കും. കേരളീയൻ വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് വിവിധ സാമുദായിക/പ്രത്യേക/ഭിന്നശേഷി ഉള്ളവർക്കുള്ള സംവരണ ആനുകൂല്യങ്ങളും ഫീസ് ഇളവും ലഭ്യമാകുക, കേരളീയർ അല്ലാത്ത കേരള കേഡറിൽ ജോലി ചെയ്യുന്ന അഖിലേന്ത്യ സർവീസ് ഉദ്യോഗസ്ഥരുടെ മക്കളെയും കേരളീയരായി പരിഗണിക്കുന്നതാണ്.

b) കേരളീയേതരൻ:- കേരളീയൻ വിഭാഗത്തിൽപ്പെടാത്ത അപേക്ഷാർഥികളെ കേരളീയേതരനായി പരിഗണിക്കാവുന്നതാണ്. കേരളീയേതരൻ

വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ സാമുദായിക/ പ്രത്യേക/ഭിന്നശേഷി വിഭാഗ സംവരണത്തിനോ, ഫീസ് ആനുകൂല്യങ്ങൾക്കൊ അർഹരല്ല.

കേരളീയേതരൻ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷകൻ നിശ്ചിത ഫോർമാറ്റിൽ(പ്രോസ്പ്പെക്ട്സ് annexure T യിൽ നൽകിയിരിക്കുന്ന) യോഗ്യത പരീക്ഷ പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ ഇന്ത്യൻ പൗരനാണെന്ന് തെളിയിക്കുന്നതിനായി ഇന്ത്യ ഗവൺമെന്റ് നല്കുന്ന പാസ്സ്പോർട്ട്/ ഇലക്ഷൻ ഐ.ഡി/ വില്ലേജ് ഓഫീസർ നല്കിയ നാഷണാലിറ്റി സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഓൺലൈൻ ആയി അപ്ലോഡ് ചെയ്യേണ്ടതാണ് (പ്രോസ്പ്പെക്ട്സ് Clause 4.1.3(b))

**<u>അക്കാദമിക് യോഗ്യത</u>**

അപേക്ഷകർ പ്രോസ്പ്പെക്ട്സ് ക്ലോസ് 4.2 പ്രകാരമുള്ള യോഗ്യതകൾ നേടിയിരിക്കേണ്ടതാണ്.

**അപേക്ഷാ ഫീസ്**:- ജനൽ വിഭാഗക്കാർക്ക് 800/- രൂപയും SC/ST വിഭാഗക്കാർക്ക് 400/- രൂപയും (പ്രോസ്പ്പെക്ട്സ് ക്ലോസ് 5.3 കാണുക)
അപേക്ഷഫീസ് ഓൺ ലൈൻ payment ആയി ചെയ്യാവുന്നതാണ് (വെബ് സൈറ്റിലെ നിർദ്ദേശങ്ങൾ കാണുക)
നോട്ട്:- ഒടുക്കിയ അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല

**ഓൺ ലൈൻ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ :-** (പ്രോസപ്പെക്ട്സ്ക്ലോസ് 5.4 )

**i)** SSLC അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ്

**ii) നേറ്റിവിറ്റി, ജനനത്തിയതി തെളിയിക്കുന്നതിനുള്ള രേഖകൾ:-**
അപേക്ഷ സമർപ്പിക്കുന്ന എല്ലാ വിദ്യാർഥികളും നേറ്റിവിറ്റി, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട രേഖകൾ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. SSLC അല്ലെങ്കിൽ തത്തുല്യ സർട്ടിഫിക്കറ്റ്, ജനനത്തിയതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ജനനത്തിയതി തെളിയിക്കുന്നതിനായി

വേറെ രേഖകൾ അപ് ലോഡ് ചെയ്യേണ്ടതില്ല (പ്രോസ്പെക്ട്സ് Clause 4 കാണുക)

**iii) സാമുദായിക സംവരണം/പ്രത്യേക സംവരണം മറ്റ് ആനുകൂല്യങ്ങൾ എന്നിവ ആവശ്യമുള്ളവർ((പ്രോസപ്പെക്ട്സ് Clause 3.6 കാണുക):-**

a) സാമൂഹികമായും, വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിദ്യാർഥി കളും ( എസ്. ഇ. ബി. സി ), മറ്റർഹ സമുദായത്തിൽപ്പെട്ട (OEC) വിദ്യാർഥികളും കേരള സർക്കാർ പഠനവശ്യങ്ങൾക്കായി നല്കുന്ന നിശ്ചിത മാതൃകയിലുള്ള നോൺ-ക്രിമിലയർ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസിൽ നിന്നും വാങ്ങി ഓൺ-ലൈൻ ആയി അപ്ലോഡ് ചെയ്യേണ്ടതാണ്( പ്രോസപ്പെക്ട്സ് അനക്സർ I കാണുക) നോൺ ക്രിമിലയർ വിഭാഗത്തിൽ ഉൾപ്പെടാത്ത OEC അപേക്ഷകർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് വേണ്ടി വില്ലേജ് ഓഫീസർ നല്കുന്ന സമുദായ സർട്ടിഫിക്കറ്റ് അതാത് കോളേജുകളിൽ അഡ്മിഷന് ശേഷം നൽകേണ്ടതാണ്. ( സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസപ്പെക്ട്സ് അനക്സർ Q കാണുക). അപേക്ഷകന്റെ SSLC/ വിദ്യാഭ്യാസ രേഖയിൽ ജാതി/സമുദായം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ നല്കുന്ന സമുദായ സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കുന്നതാണ്.

b) എസ്.സി/എസ്.ടി വിഭാഗക്കാർ ജാതി സർഫിക്കറ്റ് ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നും വാങ്ങി ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ ഠ. കാണുക) മിശ്ര വിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ എസ്.സി/എസ്.ടി സംവരണാനുകൂല്യത്തിനായി മേല്പറഞ്ഞ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം തഹസിൽദാറിൽ നിന്നും ലഭിക്കുന്ന മിശ്ര വിവാഹ സർട്ടിഫിക്കറ്റും. (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ J കാണുക.) മകളുടെ/മകന്റെ (അപേക്ഷകൻ) ഒന്നാം ക്ലാസ് അഡ്മിഷൻ രജിസ്റ്ററിന്റെ Extract, SSLC യുടെ ബന്ധപ്പെട്ട പേജും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൻ മറ്റ് ബോർഡുകളിൽ (ICSE, CBSE ,മുതലായവ) പഠനം പൂർത്തിയാക്കിയവരാണെങ്കിൽ മാതാപിതാക്കളുടെ SSLC യുടെ ബന്ധപ്പെട്ട പേജ് ഓൺ ലൈൻ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ 1950 ന് മുൻപ് കേരളത്തിലേയ്ക്ക് കുടിയേറിയവരുടെ മക്കളാണ്. അപേക്ഷകരെങ്കിൽ കുടിയേറ്റം തെളിയിക്കുന്നതിനാവശ്യമായ രേഖകളും ഓൺ ലൈൻ അപേക്ഷയോടൊപ്പം അപ് ലോഡ്

ചെയ്യേണ്ടതാണ്. ക്രിസ്തു മതത്തിൽ നിന്നും ഹിന്ദു മതത്തിലേയ്ക്ക് പുനഃപരിവർത്തനം ചെയ്തിട്ടുള്ള മുമ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടിരുന്നവർ തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റിനൊപ്പം മത പരിവർത്തനത്തിന്റെ ഗസറ്റ് വിജ്ഞാപനവും SUDHI സർട്ടിഫിക്കറ്റും അപേക്ഷകന്റെയും മാതാപിതാക്കളുടെയും വിദ്യാഭ്യാസ രേഖയുടെ പ്രസക്തമായ പേജും ഓൺലൈനായി അപ് ലോഡ് ചെയ്യേണ്ടതാണ്.

c) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കായി (EWS) മാറ്റിവയ്ക്കപ്പെട്ട സീറ്റിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്.(സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർM(a) & M(b)കാണുക)

d) പ്രോസപ്പെക്ട്സ് അനക്സർ H(a)ൽ ഉൾപ്പെടുത്തിയിട്ടുള്ള സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സമുദായ സർട്ടിഫിക്കറ്റും (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ Q കാണുക.). വരുമാനസർട്ടിഫിക്കറ്റും (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ P കാണുക.) ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങി അതാത് കോളേജുകളിൽ അഡ്മിഷന് ശേഷം നൽകേണ്ടതാണ്. അപേക്ഷകന്റെ എസ്.എസ്.എൽ.സി/ വിദ്യാഭ്യാസ രേഖയിൽ സമുദായം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസർ നൽകുന്ന സമുദായ സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കുന്നതാണ്. എന്നാൽ സംവരണാനുകൂല്യങ്ങൾക്കായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ളവർ ഫീസാനുകൂല്യങ്ങൾക്കായി വരുമാന സർട്ടിഫിക്കറ്റ് കൂടി വാങ്ങി അതാത് കോളേജിൽ നൽകേണ്ടതാണ്.

e) മിശ്രവിവാഹിതരുടെ മക്കൾക്ക് എസ്.സി.ബി.സി സംവരണം ആവശ്യമുള്ള പക്ഷം അവർ വില്ലേജ് ഓഫീസിൽ നിന്നും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ N കാണുക.) വാങ്ങി ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ മിശ്രവിവാഹിതരിൽ ഒരാൾ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾക്ക് എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന

ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്ര വിവാഹ സർട്ടിഫിക്കറ്റ് വാങ്ങി അതാത് കോളേജിൽ നൽകേണ്ടതാണ്. (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ J കാണുക)

f) പ്രോസ്പെക്ടസ് ക്ലോസ് 3.1,3.2 പ്രകാരം ഏതെങ്കിലും പ്രത്യേക സംവരണത്തിന് അർഹരായിട്ടുള്ളവർ ആവശ്യമായ രേഖകൾ ഓൺലൈനായി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

g) എസ്.സി./എസ്.ടി./ഒ.ഇ.സി വിഭാഗക്കാർ ഒഴികെയുള്ള മറ്റ് വിഭാഗക്കാർ (ജനറൽ കാറ്റഗറി ഉൾപ്പെടെ) കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഫീസാനുകൂല്യങ്ങൾ/ സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് അതാത് കോളേജുകളിൽ അഡ്മിഷന് ശേഷം നൽകേണ്ടതാണ്. (സർറ്റിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ P കാണുക.)

കുറിപ്പ്: ഭിന്നശേഷി സംവരണം ആവശ്യമുള്ളവർ ഓൺലൈൻ അപേക്ഷയിൽ പ്രസ്തുത വിവരം സൂചിപ്പിക്കേണ്ടതാണ്. കൂടാതെ Disability Certificate അപേക്ഷയോടൊപ്പം ഓൺലൈനായി അപ് ലോഡ് ചെയ്യേണ്ടതാണ് . (പ്രോസ്പെക്ടസ് ക്ലോസ് 3.1 കാണുക)

അപൂർണമായതും, നിർബന്ധമായി സമർപ്പിക്കേണ്ട വിവരങ്ങളും രേഖകളും അപ് ലോഡ് ചെയ്യാത്തതുമായ അപേക്ഷ നിരസിക്കുന്നതാണ്.

വിവിധ കോഴ്സുകളിലേയ്ക്കുള്ള അലോട്ട്മെന്റും പ്രവേശനവും സർക്കാർ അംഗീകരിച്ച 2023 വർഷത്തെ പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

അപേക്ഷ സമർപ്പിച്ചവരുടെ പ്രൊഫൈൽ വിവരങ്ങളും അപേക്ഷയിൽ അപാകതകൾ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങളും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ വെബ് സൈറ്റിൽ ലഭ്യമാകുന്നതാണ്. അപേക്ഷയിൽ അപാകതകൾ ഉള്ള പക്ഷം അവ നിശ്ചിത തീയതിയ്ക്കകം പരിഹരിക്കേണ്ടതാണ്. തീയതി പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്. MCAP 2023 പ്രവേശനം സംബന്ധിച്ച് ആധികാരികമായ വിവരങ്ങൾ അറിയുന്നതിന് admissions.dtekerla.gov.in എന്ന വെബ്സൈറ്റ് അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്.

ഓൺ ലൈൻ ഓപ്ഷൻ റെജിസ്ട്രേഷൻ :-

ഓൺ ലൈൻ അപേക്ഷ നടപടിക്രമങ്ങൾ (basic detailes, academic eligibility,gatescore detailes payment,document upload) പൂർത്തിയായതിന് ശേഷം അപേക്ഷകർ ഓൺ ലൈൻ ഓപ്ഷൻ രെജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺ ലൈൻ അപേക്ഷയോടൊപ്പം ഓൺ ലൈൻ ഓപ്ഷൻ രെജിസ്ട്രേഷൻ നടത്താത്ത അപേക്ഷകരെ അലോട്ട്മെൻറ് നടപടികളിൽ ഉൾപ്പെടുത്തുന്നതല്ല. ഓൺ ലൈൻ ഓപ്ഷൻ സൈറ്റിൽ ഓരോ അപേക്ഷകർക്കും Annexure V പ്രകാരമുള്ള ഓപ്ഷനുകൾ ലഭ്യമായിരിക്കും. As per prospectus clause കൂടാതെ ഓരോ കോഴ്സിന്റെയും ഫീസ് അതാത് കോഴ്സിന് നേരെ ഓപ്ഷൻ സൈറ്റിൽ ലഭ്യമാണ്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വഴി നടത്തുന്ന അലോട്ടമെന്റിൽ ഉൾപ്പെടുന്ന കോളേജുകളുടെയും കോഴ്സുകളുടെയും ലിസ്റ്റ് Annexure A,B,Cയിൽ ലഭ്യമാണ്. ഓൺലൈൻ ഓപ്ഷൻ റെജിസ്ട്രേഷന്റെ അവസാനദിവസം വരെ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്. ഓപ്ഷനുകൾ വിജയകരമായി റജിസ്റ്റർ ചെയ്ത ശേഷം അവയുടെ confirmation page പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

MCAP 2023 മായി ബന്ധപ്പെട്ട സംശയനിവാരണത്തിന് dteadmissions@gmail.com എന്ന മെയിൽ ഐ ഡിയിലോ 9400006510 (10.30AM-4.00PM)എന്ന മൊബൈൽ നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

ഡോ. രാജശ്രീ. എം. എസ്
ഡയറക്ടർ(ഇൻ ചാർജ്ജ് )
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി